## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1102** — **05.03.2020 -ൽ മറുപടിയ്ക്ക്**

## ഏക അദ്ധ്യാപക വിദ്യാലയങ്ങൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റോജി എം. ജോൺ** | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് നിലവിൽ എത്ര ഏക അദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | എ) | സംസ്ഥാനത്ത് നിലവിൽ 270 എം.ജി.എൽ.സികൾ പ്രവർത്തിക്കുന്നു. |
| ബി) | പ്രസ്തുത വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് നിലവിൽ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | ബി) | പ്രതിമാസ ഹോണറേറിയം 18,500/- രൂപയും , ഹിൽ ട്രാക്ക് അലവൻസ് പ്രതിമാസം 500/- രൂപയും കൂടാതെ ഫെസ്റ്റിവൽ അലവൻസായി 1,300/-രൂപയും , എൺഡ് ലീവ് സറണ്ടറും (20 ദിവസത്തേയ്ക്ക്) നൽകി വരുന്നു. |
| സി) | പ്രസ്തുത സ്കൂളുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ പലതും ശോച്യാവസ്ഥയിലായതിനാൽ അത് നന്നാക്കുന്നതിന് നടപടി സ്വീകരിക്കാമോ ; | സി) യും ഡി) യു | ഓരോ സാമ്പത്തിക വർഷവും മെയിന്റെനൻസ് ഗ്രാൻറിനത്തിൽ 5,000/- രൂപ നൽകി വരുന്നു. എം.ജി.എൽ.സി പ്രവർത്തിക്കുന്ന മിക്ക കെട്ടിടങ്ങളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള എം.ജി.എൽ.സികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കേടുപാടുകൾ പരിഹരിച്ച് നൽകാറുണ്ട്.<br>വിദ്യാവോളന്റിയർമാർക്ക് ഹോണറേറിയമാണ് നൽകി വരുന്നത്. ആയത് കടിശ്ശിക തീർത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | ട്രൈബൽ/തീരദേശ മേഖലയിൽ പ്രവർത്തിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും, അദ്ധ്യാപകർക്ക് സർക്കാർ ശമ്പളം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ